പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6542 — 21/11/2019 ലെ മറുപടി

## വിദ്യാലയങ്ങളിലെത്താത്ത ആദിവാസി മേഖലകളിലെ കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിദ്യാഭ്യാസപരമായി വളരെയേറെ മുന്നിലുള്ള സംസ്ഥാനമായിരുന്നിട്ടും ആദിവാസി മേഖലകളിൽ നിന്നും ഇപ്പോഴും വിദ്യാലയങ്ങളിലെത്താത്ത നിരവധി കുട്ടികൾ ഉണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | മേൽ സൂചിപ്പിച്ച പ്രകാരം വിദ്യാർത്ഥികൾ സ്കൂളിൽ എത്താത്തതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മേൽ സൂചിപ്പിച്ച പ്രകാരം വിദ്യാർത്ഥികൾ സ്കൂളിൽ എത്താത്തതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗോത്രഭാഷയിൽ ക്ലാസ് മുറികളിൽ ആശയവിനിമയം നടത്താൻ പറ്റാത്ത സാഹചര്യം<br>2. ഊരുകളിൽ കുട്ടികളിലൂടെ പഠന തുടർച്ച ഉറപ്പിക്കാനോ കുട്ടികളെ സഹായിക്കാനോ ഉള്ള സാധ്യതകുറവ്<br>3. തുടർച്ചയായ ഹാജരില്ലായ്മ പഠന പിന്നാക്കാവസ്ഥയ്ക്കും തുടർന്നു കൊഴിഞ്ഞു പോക്കിനും കാരണമാകുന്നു.<br>4. വിളവെടുപ്പു കാലങ്ങളിൽ രക്ഷിതാക്കളോടൊപ്പം കൃഷിയിടങ്ങളിൽ ജോലിചെയ്യാൻ പോകുന്നു. |
| (സി) | ഇപ്രകാരം പാർശ്വവത്ക്കരിക്കപ്പെട്ട വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലെത്തിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 1. ഇടുക്കി ജില്ലയിലെ മറയൂർ, മലപ്പുറത്തെ നിലമ്പൂർ, തിരുവനന്തപുരത്തെ കോട്ടൂർ, പത്തനംതിട്ട ജില്ലയിലെ നിലയ്ക്കൽ എന്നീ സ്ഥലങ്ങളിലായി പാർശ്വവത്ക്കരിക്കപ്പെട്ട വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ഈ വർഷം ഇടുക്കി ജില്ലയിലെ അടിമാലി, കണ്ണൂർ ജില്ലയിലെ ഇരിട്ടി തുടങ്ങിയ സ്ഥലങ്ങളിൽ ഹോസ്റ്റൽ ആരംഭിക്കാൻ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.<br>2. **<u>ഔട്ട് ഓഫ് സ്കൂൾ</u>**<br>സ്കൂളിൽ ചേരാത്തതും പലകാരണങ്ങളാലും കൊഴിഞ്ഞു പോയതുമായ കുട്ടികളെ സർവെയിലൂടെ കണ്ടെത്തി അവരുടെ വയസിന് അനുസൃതമായി ക്ലാസിൽ ചേർക്കുന്നു. ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കായി മാതൃഭാഷയിൽ അധ്യയനം നടത്താൻ സഹായിക്കുന്നു. 10 |

ഗോത്ര ഭാഷകളിലായി മൊഡ്യൂൾ തയാറാക്കിയിട്ടുണ്ട്. അവർക്ക് ബ്രിഡ്ജ് കോഴ്സുകൾ നടത്തുന്നു.

| | |
|---|---|
| (ഡി) വാഹനങ്ങളുടെ അസൗകര്യം, ഭൂമിശാസ്ത്രപരമായ കാരണങ്ങൾ, ദുർഘടമായ പാതകൾ, സാമൂഹ്യ-വിദ്യാഭ്യാസ പിന്നാക്കാവസ്ഥ തുടങ്ങിയ പ്രസ്തുത വിഭാഗക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) പൊതുഗതാഗത സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമാകാതിരിക്കാൻ ട്രാൻസ്പോർട്ടേഷൻ അലവൻസ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ